# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2447** 05.02.2018-ൽ മറുപടിക്ക്

## ഇടുക്കി ഡാം സന്ദർശന സൗകര്യം

| | ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി-ചെറുതോണി ഡാമുകളിൽ ശനിയും ഞായറും പൊതു അവധി ദിവസങ്ങളിലും മാത്രം സന്ദർശനം അനുവദിക്കുന്ന നിലവിലെ രീതി മാറ്റി, വിനോദ സഞ്ചാരി കൾക്ക് ഇടുക്കി ആർച്ച് ഡാം കാണുന്നതിനായി എല്ലാദിവസവും സന്ദർ ശനം അനുവദിക്കുമോ; | (എ) | ഇടുക്കി-ചെറുതോണി ഡാമുകൾ സന്ദർശകർക്ക് തുറന്നുകൊടുക്കുന്നതിന് നിലവിൽ ശനി, ഞായർ ദിവസങ്ങളിലും മറ്റു പൊതു അവധി ദിവസങ്ങളിലും ഓണം, ക്രിസ്തുമസ് അവധിക്കാലത്തും അനുമതി ഉണ്ട്. പ്രസ്തുത ദിവസങ്ങളിൽ ഡാമുകൾ കാണാൻ വരുന്ന സന്ദർശകർ ഉപയോഗം കഴിഞ്ഞ് വലിച്ചെറിയുന്ന ജൈവ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഡാമിന്റെ പരിസരങ്ങളിൽ കുമിഞ്ഞുകൂടി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാനിടയാക്കുന്നു. കൂടാതെ എല്ലാ ദിവസവും സന്ദർശനം അനുവദിക്കാനുള്ള സുരക്ഷാ സൗകര്യങ്ങൾ ഇപ്പോൾ നിലവിലില്ല. ആയതിനാൽ എല്ലാദിവസവും സന്ദർശകരെ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. മേൽ കാര്യങ്ങൾ കൂടി പരിഗണിച്ച് മുഴുവൻ ദിവസങ്ങളിലും സന്ദർശകരെ അനുവദിക്കുന്നതിന് ഏർപ്പെടുത്തേണ്ട വിവധ സൗകര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഹൈഡൽ ടൂറിസം സെന്ററിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇടുക്കി ആർച്ച് ഡാമിനോട് ചേർന്ന് ഉദ്യാന പദ്ധതി, ലേസർ ഷോ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാ ക്കമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ